**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3214** **14-02-2024 - ൽ മറുപടിയ്ക്ക്**

**കേരള വോളന്റിറി യൂത്ത് ആക്ഷൻ ഫോഴ്സ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | പ്രകൃതി ദുരന്തങ്ങളെ നേരിടാൻ യുവ സന്നദ്ധ പ്രവർത്തകരെ സജ്ജരാക്കുക എന്ന ലക്ഷ്യത്തോടെ രൂപീകരിച്ച കേരള വോളന്റിറി യൂത്ത് ആക്ഷൻ ഫോഴ്സിന്റെ പ്രവർത്തനം വിശദമാക്കാമോ; ഇപ്രകാരം സംസ്ഥാനത്തെ ഓരോ ജില്ലയിലും രൂപീകരിച്ച ഫോഴ്സിന്റെ വോളന്റിയർ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; 2022-23 കാലയളവിൽ നടത്തിയ പ്രധാന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ? | (എ) | കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് ആവിഷ്കരിച്ച സന്നദ്ധസേവന സേനയായ കേരള വോളന്റിറി യൂത്ത് ആക്ഷൻ ഫോഴ്സിനെ ‘ ടീം കേരള ’ (കേരള യൂത്ത് ഫോഴ്സ്) എന്ന് പുനഃനാമകരണം ചെയ്തിട്ടുണ്ട്. പ്രകൃതി ദുരന്തങ്ങൾ, മഹാമാരികൾ തുടങ്ങിയവയുടെ സമയത്ത് അവയെ നേരിടാൻ സജ്ജമായ യുവജന പങ്കാളിത്തത്തോടെയുള്ള സേനയെ തയ്യാറാക്കുക എന്നത് മാത്രമല്ല, മയക്കുമരുന്ന് പോലെയുള്ള സമൂഹത്തെ ബാധിക്കുന്ന അപകടകരമായ പ്രവണതകൾക്കെതിരെയും യുവജനങ്ങളെ പങ്കാളികളാക്കുക എന്നതാണ് ഈ സേനയുടെ ലക്ഷ്യം. പ്രളയകാലത്തും, കോവിഡ് കാലത്തും നടത്തിയ പ്രവർത്തനങ്ങളിൽ ഇച്ഛാശക്തിയും, കർമ്മശേഷിയും, സാമൂഹിക ബോധവുമുള്ള യുവജനങ്ങളുടെ സേവനം ഈ സേനയിലൂടെ പരമാവധി ഉപയോഗപ്പെടുത്തുവാൻ ബോർഡിന് സാധിച്ചു.<br><br>ടീം കേരളയുടെ പ്രവർത്തനം താഴെത്തട്ടിലേക്ക് എത്തിക്കുന്നതിന്റെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ 17,500 സേനാംഗങ്ങളുടെ രജിസ്ട്രേഷൻ പൂർത്തിയായി കഴിഞ്ഞു. ഇവരിൽ നിന്നും 1034 പഞ്ചായത്ത്/മുൻസിപ്പാലിറ്റി/കോർപ്പറേഷൻ തലങ്ങളിൽ ക്യാപ്റ്റൻമാരെ തെരെഞ്ഞെടുക്കുകയും അവർക്ക് പരിശീലനം നൽകുകയും ചെയ്തു. പോലീസ്, ഫയർ & റെസ്ക്യൂ, ഫോറസ്റ്റ്, എക്സൈസ്, ആരോഗ്യം, ദുരന്തനിവാരണ അതോറിറ്റി എന്നീ വകുപ്പുകളുടെ നേതൃത്വത്തിൽ വിവിധ മേഖലകളിൽ പരിശീലനം നൽകുകയുണ്ടായി. ഇതുകൂടാതെ 14 ജില്ലകളിൽ നിന്നും തിരഞ്ഞെടുത്ത 2800 സേനാംഗങ്ങൾക്ക് കൂടി പരിശീലനം നൽകുകയും യൂണിഫോം സജ്ജമാക്കുകയും ചെയ്യുകയുണ്ടായി. പഞ്ചായത്ത്തല സേനയിൽ രജിസ്റ്റർ ചെയ്തവരിൽ നിന്നും |

| | | | |
|---|---|---|---|
| | | | ശാസ്ത്രീയമായി പരിശീലനം ലഭിച്ച ടീം കേരള സേനാംഗങ്ങളുടെ പാസ്സിംഗ് ഔട്ട് പരേഡ് 2023 ഫെബ്രുവരി 23 ന് തിരുവനന്തപുരം യൂണിവേഴ്സിറ്റി സ്റ്റേഡിയത്തിൽ വച്ച് ബഹു.കേരള മുഖ്യമന്ത്രി ഉദ്ഘാടനം നിർവ്വഹിച്ചു.<br><br>2023 ജനുവരി 26-ന് നടന്ന റിപ്പബ്ലിക്ദിന പരേഡിൽ കൊല്ലം, എറണാകുളം, തൃശ്ശൂർ ജില്ലകളിലെ തിരഞ്ഞെടുത്ത 25 - ഓളം വരുന്ന ടീം കേരള സേനാംഗങ്ങൾ പങ്കെടുക്കുകയുണ്ടായി. കോഴിക്കോട് വച്ച് സംഘടിപ്പിച്ച 2023-ലെ സ്കൂൾ യുവജനോത്സവത്തിലും വോളന്റിയർമാരായി മികച്ച സേവനമാണ് ടീം കേരള അംഗങ്ങൾ കാഴ്ചവച്ചത്. ഈ സേനയുടെ പ്രവർത്തനം നമ്മുടെ സംസ്ഥാനത്തിന് ഒരു മുതൽക്കൂട്ടായിരിക്കും. |

സെക്ഷൻ ഓഫീസർ